**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2626** **06-10-2025 - ൽ മറുപടിയ്ക്ക്**

**ബഹുരാഷ്ട്ര കമ്പനികളെ ആകർഷിക്കുന്നതിനുള്ള കർമ്മപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ബഹുരാഷ്ട്ര കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന പ്രധാനമായ പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടി വഴി നാളിതുവരെ 40-ൽ അധികം വ്യവസായികളുമായി ചർച്ചകൾ നടത്തുകയും ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി 70-ൽ പരം യോഗങ്ങൾ നടത്തുകയും ചെയ്തു. ഇവയിലെ പല സംരംഭങ്ങളുമായുള്ള ചർച്ചകൾ അവസാന ഘട്ടത്തിലും മറ്റുള്ളവ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. പ്രസ്തുത പരിപാടികളിലൂടെ 10,000 കോടിയിൽ പരം നിക്ഷേപവും 5000- ൽ പരം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് കരുതുന്നു.<br><br>ഇവയ്ക്കുപുറമേ, നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കാനും, നിരവധി നിക്ഷേപകരെ നേരിൽ കണ്ടുമുട്ടി ചർച്ചകൾ നടത്താനും അവസരം ഒരുക്കുന്ന വിവിധ ദേശീയ-അന്തർദേശീയ ഉച്ചകോടികളിലും കോൺക്ലേവുകളിലും കേരളത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുകയും അതോടൊപ്പം, വിവിധ തരം നിക്ഷേപ കൂട്ടായ്മകൾ, സമ്മേളനങ്ങൾ, ഉച്ചകോടികൾ തുടങ്ങിയവയും സംഘടിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര തലത്തിൽ മാറിവരുന്ന കേരളത്തിലെ വ്യവസായ സൗഹാർദ്ദ അന്തരീക്ഷത്തെ പറ്റിയുള്ള വീക്ഷണവും അഭിപ്രായങ്ങളും ലോകത്തെ അറിയിക്കുവാനും അതുവഴി കേരളത്തിലേക്ക് നിക്ഷേപങ്ങൾ ആകർഷിക്കുവാനുമായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഒരു ആഗോള നിക്ഷേപ സംഗമമാണ് 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ വെച്ച് വിജയകരമായി നടത്തിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. കേരളത്തിന്റെ സുസ്ഥിര |

| | | | |
|---|---|---|---|
| | | | സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമിതിയിലേയ്ക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്.<br><br>ഈ ഉച്ചകോടിയുടെ ഭാഗമായി നിരവധി മേഖലകളിൽ സെക്ടറൽ കോൺവുകൾ സംഘടിപ്പിച്ചിരുന്നു. ഫുഡ് പ്രോസസ്സിംഗ്, മാരിടൈം & ലോജിസ്റ്റിക്സ്, ബയോടെക്നോളോജി, ആയുർവേദ, ഫർമസ്യൂട്ടിക്കൽ, റബ്ബർ, ഹൈ-ടെക് ഫാർമിംഗ്, ടൂറിസം & ഹോസ്പിറ്റാലിറ്റി, റീറ്റെയ്ൽ, സ്റ്റാർട്ട് അപ്പ്, ഐ.ടി, മലബാർ കോൺക്ലേവ് മുതലായ മീറ്റിംഗുകളും കോൺക്ലേവുകളും സംഘടിപ്പിക്കപ്പെട്ടു. ഇത് കൂടാതെ, കേരളത്തിലെ വ്യവസായങ്ങളുടെ ഉന്നമനം ലക്ഷ്യം വെച്ചുകൊണ്ട് "അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ", “അന്താരാഷ്ട്ര ജൻ എ.ഐ. കോൺക്ലേവ്” എന്നിവയും കൊച്ചിയിൽ വെച്ച് വിജയകരമായി നടത്തുകയുണ്ടായി. വിവിധ വ്യവസായ മേഖലകളിൽ നിക്ഷേപ സാധ്യതകൾ ആഴത്തിൽ ചർച്ച ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട നയങ്ങൾ രൂപീകരിക്കുന്നതിനും ഈ മീറ്റിംഗുകൾ ഉപകാരപെട്ടു. ഇതിനുപുറമെ ചെന്നൈ, മുംബൈ, ഡൽഹി, ബാംഗ്ലൂർ, ദുബായ് എന്നിവിടങ്ങളിൽ റോഡ് ഷോകളും സംഘടിപ്പിച്ചു.<br><br>ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് എന്ന ആഗോള നിക്ഷേപക സംഗമം വഴി 1.80 ലക്ഷം കോടി രൂപയുടെ 449 -ഓളം ധാരണ പത്രങ്ങൾ ലഭിക്കുകയും ഇവയുടെ വികസനം നിലവിൽ വിവിധ ഘട്ടങ്ങളിലായി ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ഡിവിഷന്റെ മേൽനോട്ടത്തിൽ പുരോഗമിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | വളർച്ചാ നിരക്ക് കൂടുതലുള്ള വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കേരളത്തെ റോബോട്ടിക്സ് പോലുള്ള അത്യാധുനിക സാങ്കേതികവിദ്യാ വ്യവസായങ്ങളുടെ പ്രധാന ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ സർക്കാർ പല പ്രവർത്തനങ്ങളും നടത്തിവരുന്നു. ആ പ്രവർത്തനങ്ങളിൽപ്പെടുന്ന ഒന്നാണ് സംസ്ഥാന വ്യവസായ നയം 2023. സംരംഭകത്വം പ്രോത്സാഹിപ്പിക്കുക, പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി പരമ്പരാഗത വ്യവസായങ്ങളെ നവീകരിക്കുക, കേരള ബ്രാൻഡ് വികസിപ്പിക്കുക, അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തനക്ഷമമാക്കുക, തൊഴിലില്ലാത്ത വിദ്യാസമ്പന്നരായ യുവാക്കളുടെയും യുവതികളുടെയും സംരംഭകത്വ കഴിവുകളെ പരിപോഷിപ്പിക്കുക, വ്യവസായ-നൈപുണ്യം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുക അതുവഴി മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മുൻഗണനാ മേഖല അടിസ്ഥാനമാക്കിയുള്ള വ്യവസായവൽക്കരണം എന്നിവയാണ് സംസ്ഥാന വ്യവസായ നയത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. നിർമ്മിത ബുദ്ധി, റോബോട്ടിക്സ് പോലുള്ള അത്യാധുനിക സാങ്കേതികവിദ്യകൾ ഉൾപ്പെടുന്ന തിരഞ്ഞെടുക്കപ്പെട്ട 22 സൺറൈസ് മേഖലകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങളാണ് വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുള്ളത്.<br><br>കൂടാതെ, സ്ഥിര മൂലധനത്തിന് 10 കോടി രൂപ വരെ 10% നിക്ഷേപ സബ്സിഡി, വ്യവസായ വിപ്ലവം 4.0-ന്റെ ഭാഗമായി വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിന് (നിർമ്മിത ബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ, ഡാറ്റ മൈനിങ് & അനാലിസിസ്, തുടങ്ങിയവ) സംരംഭങ്ങൾ ചിലവാക്കുന്ന തുകയുടെ 20%, പരമാവധി 25 ലക്ഷം രൂപ വരെ തിരികെ നൽകുന്നതിനുള്ള പദ്ധതി, എം.എസ്.എം.ഇ വ്യവസായങ്ങൾക്ക് 5 വർഷത്തേക്ക് വൈദ്യുതി നികുതി ഇളവ് നൽകുന്ന പദ്ധതി, സ്ത്രീകൾ/ പട്ടികജാതി/പട്ടികവർഗ സംരംഭകർക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ചാർജിലും ഇളവ്, എം.എസ്.എം.ഇ ഇതര സംരംഭങ്ങൾക്ക് സ്ഥിരമൂലധനത്തിന്റെ 100% സംസ്ഥാന GST വിഹിതം 5 വർഷത്തേക്ക് തിരികെ നൽകുന്നതിനുള്ള പദ്ധതി. 50 ശതമാനത്തിലധികം പ്രാദേശിക തൊഴിലാളികളെ സ്ഥിരജോലിക്കെടുക്കുന്ന വൻകിട, മെഗാ സംരംഭങ്ങളിൽ അപ്രകാരമുള്ള തൊഴിലാളികൾക്ക്, മാസവേതനത്തിന്റെ 25%, പരമാവധി 5000 രൂപ വരെ തൊഴിലുടമക്ക് ഒരുവർഷത്തേക്ക് തിരികെ നൽകുന്നതിനുള്ള പദ്ധതി, തുടങ്ങി നിരവധി ആനുകൂല്യങ്ങൾ പുതിയ വ്യവസായ നയത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് വിവിധ തരത്തിലുള്ള സേവനങ്ങൾ, അതായത് അടിസ്ഥാന സൗകര്യങ്ങൾ, കൺസൾട്ടേഷൻ സൗകര്യം, റെഗുലേറ്ററി ഫെസിലിറ്റേഷൻ, ഗവേഷണ സൗകര്യം മുതലായവ പ്രദാനം ചെയുന്നു.<br><br>കെ.എസ്.ഐ.ഡി.സി. വ്യവസായം തുടങ്ങുന്നതിനും, അവ വിപുലീകരിക്കുന്നതിനും വിവിധ തരത്തിലുള്ള വായ്പകൾ, വ്യവസായം തുടങ്ങുന്നതിനാവശ്യമായ സ്ഥലം (ലഭ്യതയ്ക്കനുസരിച്ച്) എന്നീ സേവനങ്ങളും നൽകി വരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തിന്റെ വ്യാവസായിക നയത്തിൽ വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിക്കുന്നതിൽ പ്രധാനമായും എന്തെല്ലാം മാറ്റങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിനും സംരംഭകർക്ക് സഹായകമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വേണ്ടി സാമ്പത്തിക പ്രോൽസാഹനങ്ങൾ, നിയമനിർമ്മാണ പരിഷ്കാരങ്ങൾ, ഡിജിറ്റൽ പരിഷ്കാരങ്ങൾ, ശക്തമായ വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ, പരാതി പരിഹാരം, എന്നിവ ഉൾപ്പെടുന്ന സമഗ്രമായ ശ്രമമാണ് വ്യാവസായിക നയം 2023 മുന്നോട്ട് വെക്കുന്നത്. പുതുതായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതിനായി 2023-ലെ വ്യവസായ നയത്തിലൂടെ 18 ഇൻസെന്റീവുകളും, സബ്സിഡികളും നല്കുന്നുണ്ട്. വ്യവസായ നയത്തിന് കീഴിൽ നോട്ടിഫൈ ചെയ്ത "Sustainable Industry Incentive Scheme 2023" പ്രകാരമാണ് മേല്പറഞ്ഞ ഇൻസെന്റീവുകൾ നല്കുന്നത്. കുറഞ്ഞപലിശ വായ്പകൾ, മൂലധന സബ്സിഡി ഇൻസെൻറ്റീവ്, ഇലക്ട്രിസിറ്റി ഡ്യൂട്ടി ഒഴിവാക്കൽ, ഐ.പി.ഒ വഴിയുള്ള ധനസമാഹാരത്തിനുള്ള പ്രോത്സാഹനം, നിക്ഷേപ സബ്സിഡി, എസ്.ജി.എസ്.റ്റി റീഇംബേഴ്സ്മെന്റ്, തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം, നിർമ്മാണ യൂണിറ്റുകൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും ഒഴിവാക്കൽ, സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ, വ്യാപാര മേളകളിൽ പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനം, ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിന് ആനുകൂല്യം, ഗുണനിലവാര സർട്ടിഫിക്കേഷൻ എടുക്കുന്നതിന് പ്രോത്സാഹനം എന്നിവ ഇവയിൽ ചിലതാണ്.<br><br>ഇത് കൂടാതെ എംഎസ്എംഇ ഇതര സംരംഭങ്ങൾക്ക് ലൈസൻസ് നല്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോയുടെ രൂപീകരണം, വ്യവസായങ്ങൾ തുടങ്ങുന്നതിനും നടത്തുന്നതിനും ആവശ്യമായ സമയവും സങ്കീർണ്ണതയും കുറയ്ക്കുന്നതിനായി നിലവിലുള്ള നിയമപരമായ ബാധ്യതകൾ വിലയിരുത്തി, നിയമലംഘനങ്ങളുടെ ശിക്ഷകൾ ലഘൂകരിക്കുന്നതിനും, ഡിജിറ്റൈസേഷൻ വഴി കംപ്ലയൻസുകളുടെ എണ്ണം കുറയ്ക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിക്കുമെന്ന് വ്യവസായ നയത്തിൽ സൂചിപ്പിച്ചിരുന്നു. നിലവിൽ ഡീറെഗുലേഷൻ എക്സർസൈസിന്റെ ഭാഗമായി പ്രസ്തുത നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ, വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും സമയബന്ധിതമായി |

| | | | |
|---|---|---|---|
| | | | തീർപ്പാക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള പരാതിപരിഹാര കമ്മിറ്റികൾ രൂപീകരിക്കുമെന്ന വ്യവസായ നയത്തിലെ പ്രഖ്യാപനവും നടപ്പിലാക്കിയിട്ടുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ജില്ലാതലങ്ങളിലും സംസ്ഥാനതലത്തിലും പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചത്. കൂടാതെ പ്രൈവറ്റ് വ്യവസായ പാർക്കുകൾ, ക്യാമ്പസ് വ്യവസായ പാർക്കുകൾ, എന്നീ പദ്ധതികളിലൂടെ വ്യവസായ നയത്തിൽ സൂചിപ്പിച്ച പ്രകാരം സംസ്ഥാനത്ത് വ്യവസായത്തിനുള്ള സ്ഥല ലഭ്യത ഉറപ്പാക്കുന്നത്തിനുള്ള നടപടികളും നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>2023-ലെ വ്യാവസായിക നയം ലോജിസ്റ്റിക്സ് മേഖലയ്ക്ക് വ്യവസായ പദവി നൽകുമെന്ന് വിഭാവനം ചെയ്തിരുന്നു. ഇതിനനുസൃതമായി, സംസ്ഥാനത്ത് ലോജിസ്റ്റിക്സ്/ മിനി ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കുന്നതിന് സഹായകമാകുന്ന ഒരു സമഗ്ര ലോജിസ്റ്റിക്സ് നയവും അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | നിലവിൽ സമർപ്പിക്കപ്പെട്ട നിക്ഷേപ ഓഫറുകളെ പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | ഫെബ്രുവരി 21-22 തീയതികളിലായി എറണാകുളത്ത് വെച്ച് വ്യവസായ വകുപ്പ് സംഘടിപ്പിച്ച "ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025"-ലൂടെ 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താല്പര്യ പത്രങ്ങളാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇതിലൂടെ അഞ്ച് ലക്ഷത്തിലധികം തൊഴിൽ അവസരങ്ങൾ പ്രതീക്ഷിക്കുന്നു.<br><br>ഇവ സമയബന്ധിതമായി യഥാർത്ഥ നിക്ഷേപങ്ങളാക്കി മാറ്റുക എന്നതിലാണ് നിലവിൽ അടിയന്തര ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ആയതിന്റെ ഭാഗമായി, നിക്ഷേപ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ താല്പര്യ പത്രങ്ങളെ തരംതിരിച്ച് കെ.എസ്.ഐ.ഡി.സി, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നീ എജൻസികളിലൂടെ കൃത്യമായി ഫോളോ അപ്പ് നടന്നു വരുന്നു. വിവിധ അനുമതികളുൾപ്പെടെ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനുള്ള സംവിധാനങ്ങൾക്ക് വ്യവസായ വകുപ്പ് രൂപം നൽകുകയും, വിവിധ തലങ്ങളിലും കൃത്യമായ ഇടവേളകളിലും പദ്ധതി അവലോകനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.<br><br>നിലവിൽ 100 കോടി വരെ മൂല്യമുള്ള നിക്ഷേപ താൽപര്യ പത്രങ്ങളാണ് വ്യവസായ വാണിജ്യ |

ഡയറക്ടറേറ്റിലൂടെ മോണിറ്റർ ചെയ്തു വരുന്നത്. 100 കോടിയും അതിനു മുകളിലും വരുന്ന നിക്ഷേപ താൽപര്യ പത്രങ്ങളുടെ നോഡൽ ഏജൻസിയായി കെഎസ്ഐഡിസിയാണ് പ്രവർത്തിക്കുന്നത്. വ്യവസായ പാർക്കുകളിലും മറ്റുമുള്ള നിക്ഷേപങ്ങൾ കിൻഫ്രയുടെ നേതൃത്വത്തിലും മോണിറ്റർ ചെയ്തുവരുന്നു.

ഇത്തരത്തിൽ വിവിധ ഏജൻസികളിലൂടെ നിക്ഷേപ താല്പര്യ പത്രങ്ങളിൽ നടത്തുന്ന ഫോളോ അപ്പുകൾ കൂടുതൽ കാര്യക്ഷമവും, സുതാര്യവും ആക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനത്തിനും രൂപം നൽകിയിട്ടുണ്ട്. നിക്ഷേപ താൽപര്യ പത്രങ്ങളെ അവയുടെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കാനും അതിലൂടെ ഓരോന്നിനും ആവശ്യമായ പരിഗണന ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നു. ഓരോ നിക്ഷേപ താൽപര്യ പത്രവുമായി ബന്ധപ്പെട്ട്, നോഡൽ ഓഫീസർമാർ നടത്തുന്ന പ്രവർത്തനങ്ങൾ യഥാസമയം രേഖപ്പെടുത്തുന്നതിനും, വിവിധ അനുമതികൾക്കായി നിക്ഷേപകർ അതാതു വകുപ്പുകളിൽ നൽകുന്ന അപേക്ഷകളും, അവർ നേരിടുന്ന പ്രശ്നങ്ങളും കൃത്യമായി രേഖപ്പെടുത്തി അവലോകനം ചെയ്യുന്നതിനുമുള്ള മൊഡ്യൂളുകൾ പ്രസ്തുത ഓൺലൈൻ സംവിധാനത്തിലുണ്ട്.

കൂടാതെ, താൽപര്യപത്രങ്ങളെ സംരംഭങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഘടനാപരമായ നിരീക്ഷണം ഏറ്റെടുക്കുന്നതിനും, സുഗമമായ പദ്ധതി നിർവ്വഹണത്തിനാവശ്യമായ സൗകര്യമൊരുക്കുന്നതിനും, വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തെ ക്രോഡീകരിക്കുന്നതിനും വേണ്ടി, സർക്കാർ 30-04-2025 ലെ G.O.(Rt) നമ്പർ 459/2025/ID പ്രകാരം ഒരു ഉപദേശക സമിതിക്ക് രൂപം നല്കിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടർ കൺവീനറായുള്ള ഈ സമിതിയിൽ, ബഹു. വ്യവസായ വകുപ്പ് മന്ത്രി ചെയർമാനും പ്രിൻസിപ്പൽ സെക്രട്ടറി (വ്യവസായ വകുപ്പ്) വൈസ് ചെയർമാനും, വ്യവസായ വാണിജ്യ ഡയറക്ടർ, മാനേജിങ് ഡയറക്ടർ കിൻഫ്ര, വിവിധ വ്യവസായ സംഘടനകളുടെ പ്രതിനിധികൾ, ബോർഡ് പ്രതിനിധികൾ എന്നിവർ അംഗങ്ങളുമാണ്.

കൂടാതെ നിക്ഷേപ സംഗമത്തിനോട് അനുബന്ധമായി, പദ്ധതി നിർവ്വഹണം വേഗത്തിലാക്കാനും കൂടുതൽ സൗകര്യപ്രദമായ

| | | | |
|---|---|---|---|
| | | | നിക്ഷേപ അന്തരീക്ഷം സൃഷ്ടിക്കാനുമായി വിവിധ വകുപ്പുകളിലായി ആവശ്യമായ 31 നയ പരിഷ്കാരങ്ങളുടെ സമഗ്രമായ ഒരു ഡോസിയർ തയ്യാറാക്കുകയും, ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19.06.2025-ൽ ചേർന്ന ഉന്നതതല യോഗത്തിൽ അവ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ വ്യവസായ വകുപ്പ് മുന്നോട്ട് വെച്ച 22 നയപരിഷ്കാരങ്ങൾ അംഗീകരിക്കുകയും, ആറെണ്ണം കൂടുതൽ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഇത്തരത്തിലുള്ള കൂട്ടായ ശ്രമത്തിന്റെ ഫലമായി ഇതുവരെ 98 നിക്ഷേപ താൽപര്യ പത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 34,754.750 കോടിയുടെ നിക്ഷേപവും, 49,082 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതാണ്. ഇത് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ സംസ്ഥാനത്തിന് ലഭിച്ച നിക്ഷേപ താൽപര്യ പത്രങ്ങളുടെ 21.82% വരുന്നതാണ്. |

സെക്ഷൻ ഓഫീസർ